# Malayala Manorama

# 17 August 2018

# CM’s Flood Relief Fund

## സഹായ നിധിയിലേക്ക് കാരുണ്യ പ്രവാഹം

**കൊല്ലം** • മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു 10 കോടി രൂപ സംഭാവന ചെയ്യുമെന്നു മാതാ അമൃതാനന്ദമയി അറിയിച്ചു. കൊച്ചിയിലെ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസും കൽപറ്റയിലെയും അമൃതപുരിയിലെയും അമൃതകൃപാ ചാരിറ്റബിൾ ആശുപത്രികളും വയനാട്, ഇടുക്കി, ആലപ്പുഴ തുടങ്ങിയ ജില്ലകളിലെ ദുരിതബാധിത പ്രദേശങ്ങളിൽ മെഡിക്കൽ ക്യാംപുകൾ സംഘടിപ്പിക്കും.

**ചങ്ങനാശേരി** • നായർസർവീസ് സൊസൈറ്റി ആദ്യ ഗഡുവായി 25 ലക്ഷം രൂപ കൈമാറി. എൻഎസ്എസ് സ്ഥാപനങ്ങളിലെ ജീവനക്കാർ കുറഞ്ഞത് ഒരുദിവസത്തിൽ കുറയാത്ത ശമ്പളം ദുരിതാശ്വാസനിധിയിലേക്ക് അയയ്ക്കണമെന്നും എൻഎസ്എസ് ജനറൽ സെക്രട്ടറി ജി.സുകുമാരൻ നായർ പറഞ്ഞു. നായർ സർവീസ് സൊസൈറ്റിയുടെ കീഴിലുള്ള എല്ലാ ഘടകങ്ങളും ഓണാഘോഷ പരിപാടികൾ ഉപേക്ഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

**തിരുവനന്തപുരം** • മലങ്കര സുറിയാനി കത്തോലിക്കാ സഭ ദുരിതാശ്വാസ നിധിയിലേക്ക് ആദ്യ ഗഡുവായി 25 ലക്ഷം രൂപ നൽകി. കർദിനാൾ മാർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ ചെക്ക് മുഖ്യമന്ത്രി പിണറായി വിജയനു കൈമാറി. സഭയിലെ എല്ലാ ആഘോഷ പരിപാടികളും (പെരുന്നാൾ, ഓണാഘോഷം മുതലായവ) ഒഴിവാക്കി. മൂവാറ്റുപുഴയിൽ സെപ്റ്റംബറിൽ നടത്താനുദ്ദേശിച്ചിരുന്ന മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 88-ാമതു പുനരൈക്യ വാർഷികാഘോഷവും ഒഴിവാക്കി.

**തിരുവനന്തപുരം** • ദുരിതാശ്വാസ നിധിയിലേക്ക് അമേരിക്കയിലെ സബിൻസ് കോർപറേഷൻ ചെയർമാനും ബെംഗളൂരു സമി ലാബ്സ് ചെയർമാനുമായ ഡോ. മുഹമ്മദ് മജീദ് അഞ്ചര കോടി സംഭാവന നൽകി.

**തിരുവനന്തപുരം** • ബിനോയ് വിശ്വം എംപി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു ലക്ഷം രൂപ സംഭാവന നൽകി.

• ദുരിതാശ്വാസ നിധിയിലേക്ക് കേരള ക്രിക്കറ്റ് അസോസിയേഷൻ ആദ്യ ഗഡുവായി 10 ലക്ഷം രൂപ നൽകി.